## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ : 2476

09.12.2014 - ൽ മറുപടിക്ക്

### നിർമ്മാണ മേഖലയിലെ പ്രതിസന്ധി

ചോദ്യം
ശ്രീ. സി. ദിവാകരൻ

മറുപടി
ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കേരളത്തിലെ നിർമ്മാണ മേഖല പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ? | (ബി) നിർമ്മാണ മേഖലയ്ക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവാണ് ഇപ്പോൾ നേരിടുന്ന പ്രതിസന്ധിക്ക് കാരണ മായിട്ടുള്ളത്. ബഹു. സുപ്രീം കോടതി, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, ദേശീയ ഹരിത ട്രൈബ്യൂണൽ എന്നിവയുടെ ഉത്തരവുകൾ പ്രകാരം ചെറുകിട ധാതു ഖനനത്തിന് പരിസ്ഥിതി ക്ളിയറൻസ് നിർബന്ധമാക്കി യിട്ടുള്ളതാണ് ഇതിനു കാരണം. എന്നാൽ സംസ്ഥാനം നേരിടുന്ന പ്രതിസന്ധി കണക്കിലെടുത്ത്, ടി ക്ലിയറൻസ് സമ്പാദിക്കുന്നതിന് ക്വാറി ഉടമകൾക്ക് ഒരു വർഷത്തെ സാവകാശം നൽകികൊണ്ട് 10/01/2014-ന് സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. മണലിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി അന്യ സംസ്ഥാ നത്തുനിന്നും വിദേശത്തുനിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനും ഡാമുകളിൽ നിന്നും മണൽ എടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുഴകളിലെ മണൽ ആഡിറ്റ് സമയ |

ബന്ധിതമായി പൂർത്തീകരിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. മണ്ണിന്റെ ലഭ്യതയ്ക്കായി, ചട്ടങ്ങളിൽ ഇളവ് നൽകുകയും റെയിൽവേയുടെ പാത ഇരട്ടിപ്പിക്കലിനും കൊച്ചി മെട്രോയുടെ പ്രവൃത്തികൾക്കുമായി ധാതു ലഭ്യത ഉറപ്പു വരുത്തുവാനും നടപടി സ്വീകരിച്ചു. പരിസ്ഥിതി ക്ലിയറൻസിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ